# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം.199 08-03-2018-ലെ മറുപടിക്ക്

**ചോദ്യം** **ഉത്തരം**

ശ്രീ.അനൂപ് ജേക്കബ്
ശ്രീ.പി.ടി. തോമസ്
ശ്രീ.വി.എസ്. ശിവകുമാർ
ശ്രീ.കെ.എസ്. ശബരീനാഥൻ

ഡോ.ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

**നികുതി വെട്ടിപ്പ് തടയുന്നതിനും നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും ഇ-വേ ബിൽ**

| | | |
|---|---|---|
| (എ) | മെച്ചപ്പെട്ട ധനകാര്യ മാനേജ്മെന്റ് നടപ്പിലാക്കുന്നതിനും റവന്യൂ ചെലവ് കുറയ്ക്കുന്നതിനും റവന്യൂ കമ്മി നിയന്ത്രണ വിധേയമാക്കുന്നതിനും ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ എത്രമാത്രം ഫലപ്രദമായി എന്ന് വെളിപ്പെടുത്തുമോ ; | കടുത്ത സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കുന്ന ഘട്ടത്തിൽ അധികാരത്തിലേറിയ സർക്കാരിന് പ്രയാസങ്ങൾക്കിടയിലും പാവങ്ങളുടെയും സാധാരണക്കാരുടെയും ആനുകൂല്യങ്ങളുടെയും സഹായങ്ങളുടെയും മുൻഗണന ഉറപ്പുവരുത്തുന്ന സാമൂഹ്യ സുരക്ഷ പദ്ധതിയുമായി മുന്നോട്ടുപോകുവാൻ സാധിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി മുൻസർക്കാർ കുടിശ്ശിക വരുത്തിയ സാമൂഹ്യസുരക്ഷ പെൻഷനുകൾ പൂർണ്ണമായി ഏറ്റെടുത്ത് വിതരണം ചെയ്തു. മുൻസർക്കാരിൽനിന്നും കൈമാറിയ സമാനമായ സാമ്പത്തിക ബാദ്ധ്യതകൾ, പത്താം ശമ്പള കമ്മീഷൻ നടപ്പാക്കിയതിലെ അധിക ബാധ്യതയടക്കം നിറവേറ്റുന്നതിനിടിയിലും മെച്ചപ്പെട്ട ധനകാര്യ മാനേജ്മെന്റ് നടപ്പിലാക്കിയതിലൂടെ, 2016-17-ൽ 2.5% ആയിരുന്ന റവന്യു കമ്മി 2017-18 പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റിൽ 1.91% ആയും 2018-19-ലെ ബജറ്റ് എസ്റ്റിമേറ്റിൽ 1.66% ആയും കുറയ്ക്കുവാൻ സാധിച്ചു. അതുപോലെ 2016-17-ൽ 4.28% രേഖപ്പെടുത്തിയ ധനകമ്മി യഥാക്രമം 3.31%, 3.1% എന്നിങ്ങനെ നിജപ്പെടുത്തുവാൻ കഴിഞ്ഞു. |
| (ബി) | ഇതുമൂലം സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ കാതലായ മാറ്റങ്ങൾ കൊണ്ടുവരുവാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്ത് കൊണ്ടെന്ന് വിശദമാക്കുമോ ; | സർക്കാർ കൈക്കൊണ്ട ക്രിയാത്മകവും പ്രത്യുല്പാദനപരവുമായ പ്രായോഗിക നടപടികളുടെ ഫലമായി, നോട്ട് നിരോധനത്തിന്റെയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടെയും ഗുരുതരമായ പ്രത്യാഘാതങ്ങളിൽപ്പെട്ട് ഉഴലുകയായിരുന്ന സമ്പദ്ഘടനയെ പുനരുജ്ജീവിപ്പിക്കുന്നതിന് ഒരു പരിധിവരെ സാധിച്ചിട്ടുണ്ട്. പ്രസ്തുത നടപടികളുടെ ഫലമായി ചുവടെ ചേർക്കുന്ന |

അഭിമാനാർഹമായ നേട്ടങ്ങൾ കൈവരിക്കുവാൻ സാധിച്ചു.

1. 2016-17-ൽ കേരള സമ്പദ്ഘടന 7.41% വളർച്ച നേടി. ഇത് ദേശീയ ശരാശരിയ്ക്ക് മുകളിലാണ്.
2. സർവ്വീസ് മേഖലയിലെ വളർച്ചയിലും ഓഹരിയിലും 2016-17-ൽ ദേശീയ തലത്തിൽ മികച്ച നേട്ടം കൈവരിച്ചു.
3. കഴിഞ്ഞ സാമ്പത്തിക വർഷം പ്രതിശീർഷ വരുമാനത്തിൽ 6.88% ന്റെ വർദ്ധനവ് നേടി.
4. മൂലധന വിഹിതവും മൊത്തം ആഭ്യന്തര ഉത്പാദനവും തമ്മിലുള്ള അനുപാതം 2015-16-ലെ 1.34%-ൽനിന്നും 2016-17-ൽ 1.64% ആയി ഉയർന്നു.
5. 2015-16-ൽ 7.46% ആയിരുന്ന ആഭ്യന്തര നിക്ഷേപം 2016-17-ൽ 14.23% ഉയർച്ച കൈവരിച്ചു.
6. വാർഷിക പദ്ധതി അടങ്കലിൽ മുൻവർഷത്തെ അപേക്ഷിച്ച് 13.11 % ന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.
7. നോട്ട് നിരോധനത്തിന്റെ കെടുതികൾക്കിടയിലും കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ വിദേശ/ആഭ്യന്തര വിനോദ സഞ്ചാര മേഖല വളർച്ച നേടുകയുണ്ടായി.
8. ദാരിദ്ര്യലഘൂകരണത്തിലും ജീവിത ഗുണമേന്മ ഉയർത്തുന്നതിലും സംസ്ഥാനത്തിന്റെ മികച്ച പ്രകടനം തുടരുവാൻ സാധിച്ചു.
9. മെച്ചപ്പെട്ട ജനസംഖ്യ, സാമൂഹിക, സാമ്പത്തിക, ആരോഗ്യ സൂചകങ്ങൾ നിലനിർത്തുവാൻ സാധിച്ചു.
10. സമ്പൂർണ്ണ വൈദ്യുതീകരണമെന്ന ലക്ഷ്യം നേടി.
11. രാജ്യത്ത് ആദ്യമായി സമ്പൂർണ്ണ വെളിയിട വിസർജ്ജന മുക്തത കൈവരിച്ച മൂന്ന് സംസ്ഥാന ങ്ങളിൽ ഒന്നാകുവാൻ സാധിച്ചു.
12. സർക്കാർ സ്കൂളിലെ പ്രവേശന നിരക്കിൽ മുമ്പെങ്ങുമില്ലാത്ത കുതിച്ചു ചാട്ടം നേടാനായി.
13. രാജ്യത്തെ ആദ്യ ഡിജിറ്റൽ സംസ്ഥാനമെന്ന നേട്ടം കൈവരിച്ചു.
14. സംഘടിത അസംഘടിത മേഖലകളിലെ വിദഗ്ദ്ധ-അവിദഗ്ദ്ധ തൊഴിലാളികളുടെ വേതന നിരക്കിൽ ഗണ്യമായ വളർച്ച നേടി.
15. 14 ജില്ല സഹകരണ ബാങ്കുകളും

| | | |
|---|---|---|
| | | സംസ്ഥാന സഹകരണ ബാങ്കും ഏകോപിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കാനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.<br>16. 2016-17-ൽ സംസ്ഥാന പൊതുമേഖല സ്ഥാപനങ്ങളുടെ ലാഭ വിഹിതത്തിൽ വർദ്ധനവ് നേടി. നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖല സ്ഥാപനങ്ങളുടെ എണ്ണം 32-ൽ നിന്നും 27 ആയി കുറയ്ക്കുവാൻ സാധിച്ചു.<br>17. കഴിഞ്ഞ സാമ്പത്തിക വർഷം ഖാദി തൊഴിലാളികൾക്ക് ഇൻകം സപ്പോർട്ട് സ്കീമിലൂടെ 30 കോടി രൂപയും ഗുണഭോക്താക്കൾക്ക് മാർജിൻ മണി ഗ്രാന്റായി 10.06 കോടി രൂപയും നൽകി.<br>18. സംസ്ഥാന പൊതുമേഖല സ്ഥാപനങ്ങളുടെ കയർ, കയറുല്പന്ന കയറ്റുമതിയിൽ 25%-ന്റെ വളർച്ച 2016-17-ൽ നേടി.<br>19. ഒപ്റ്റിക്കൽ ഫൈബർ നെറ്റ് വർക്ക് മുഖേന 100% ഗ്രാമപഞ്ചായത്തുകളേയും ബന്ധിപ്പിച്ചു.<br>20. കൊച്ചി തുറമുഖം വഴിയുള്ള വിദേശ, ആഭ്യന്തര കയറ്റുമതിയിൽ വർദ്ധനവ് കൈവരിക്കുവാൻ സാധിച്ചു. |
| (സി) | ജി.എസ്.ടി. നടപ്പിലാക്കിയതുമൂലം ഉണ്ടായ പ്രയാസങ്ങൾ ഇ-വേ ബിൽ നടപ്പിലാക്കുന്നതോടുകൂടി പരിഹരിക്കുന്നതിന് സാധ്യമാകുമോ ; ഇതിലൂടെ നികുതി വെട്ടിപ്പ് തടയുന്നതിനും നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധ്യമാകുമോ ; | ജി.എസ്.ടി. നടപ്പിലാക്കിയതുമൂലം ഉണ്ടായ പ്രയാസങ്ങൾ ഇ-വേ ബിൽ നടപ്പിലാക്കുന്നതോടുകൂടി ഒരു പരിധിവരെ പരിഹരിക്കുന്നതിന് സാധ്യമാകും എന്നാണ് കരുതുന്നത്.<br>ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാക്കുന്നതുവഴി സംസ്ഥാനത്തിനകത്തേയ്ക്ക് വരുന്ന എല്ലാ ചരക്കുകളുടെയും വിശദാംശം ഓൺലൈൻ വഴി ലഭ്യമാകും. ജി.എസ്.ടി. നിയമപ്രകാരം രജിസ്ട്രേഷൻ എടുത്ത വ്യാപാരികൾ തമ്മിലുള്ള ക്രയവിക്രയങ്ങൾ ജിഎസ്.ടി. പോർട്ടൽ മുഖേന ക്രോസ് ചെക്ക് ചെയ്ത് നികുതി വെട്ടിപ്പ് നടത്തുന്ന വ്യാപാരികളെ കണ്ടെത്തി നിയമ നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ടി |

| | | |
|---|---|---|
| | | നടപടി നികുതി വെട്ടിപ്പ് ഒരു പരിധിവരെ തടയുന്നതിനും തത്ഫലമായി നികുതി വരുമാനം വർദ്ധിക്കുന്നതിനും സഹായകരമാകും. |
| (ഡി) | ഭൂമിയുടെ ന്യായവില കുറച്ച് കാണിച്ച കേസുകൾ തീർപ്പാക്കുന്നതിന് സമഗ്ര പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എല്ലാ ജില്ലകളിലും ഇതിനായി സെറ്റിൽമെന്റ് കമ്മിഷൻ രൂപീകരിക്കുന്ന നടപടി ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ ? | 01-01-1986 മുതൽ 31-03-2017 വരെ കുടിശ്ശികയുണ്ടായിരുന്ന അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിനായി സമഗ്രമായ ഒരു പദ്ധതി 2018-19-ലെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനായി എല്ലാ ജില്ലകളിലും സെറ്റിൽമെന്റ് കമ്മീഷൻ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നു. ഇത് സംബന്ധിച്ച വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിക്കുന്നതാണ്. |

അക്കൗണ്ട്സ് ഓഫീസർ